01/01/22
21/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.972(6)/2021/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
*(ഫയൽ നം.7767/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. സുർജിത് എൻ.പി.,<br>മുണ്ടാട്ട് വീട്,<br>പാണമംഗലം, കോട്ടക്കൽ പി.ഒ.,<br>മലപ്പുറം | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>റവന്യൂ ഇൻസ്പെക്ടർ,<br>കോട്ടക്കൽ നഗരസഭ,<br>കോട്ടക്കൽ പി.ഒ., മലപ്പുറം-676 503<br>2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സൂപ്രണ്ട്,<br>കോട്ടക്കൽ നഗരസഭ,<br>കോട്ടക്കൽ പി.ഒ., മലപ്പുറം-676 503<br>3. അപ്പീൽ അധികാരി &<br>സെക്രട്ടറി,<br>കോട്ടക്കൽ നഗരസഭ,<br>കോട്ടക്കൽ പി.ഒ., മലപ്പുറം-676 503 | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.04.2021, 12.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.05.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.06.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.07.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.10.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 14.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുർജിത് എൻ.പി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ നിന്നും വ്യത്യസ്തമായി ഒന്നാം അപ്പീൽ അധികാരി മറുപടി നൽകിയെങ്കിലും എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായി മറുപടി നൽകിയിട്ടില്ലെന്നും ടിയാൻ ആവശ്യപ്പെട്ട മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട സമയത്ത് മറുപടി ലഭ്യമാക്കാതിരുന്ന ഉദ്യോഗസ്ഥനെതിരെ കർശനടപടി സ്വീകരിക്കണെമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 12.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, നഗരസഭയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കായി (സ്ഥിരം, ദിവസവേതനം, കരാർ, പ്രോജക്ട് പ്രവൃത്തി) എത്ര ഹാജർ പുസ്തകം സൂക്ഷിക്കുന്നുണ്ടെന്നും ഓരോന്നും ഏത് വിഭാഗത്തിന്റെതാണ് എന്നും 01.03.2021 തീയതി വച്ച് പി.എസ്.സി. മുഖേന നിയമിച്ച എത്ര ജീവനക്കാരാണ് നഗരസഭയിൽ ജോലി ചെയ്യുന്നതെന്നും 01.03.2021 തീയതി വച്ച് ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയെന്നും അവരുടെ പേരുകൾ ജോലിക്ക് ചേർന്ന തീയതി നിലവിലെ തസ്തിക എന്താണെന്നും മറ്റുമായി 25 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 08.04.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട ക്രമനമ്പർ 14,15 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി നൽകുന്നുവെന്നാണ്. കൂടാതെ 12.14.2021 ൽ ജനറൽ വിഭാഗത്തിൽ നിന്നും മറുപടി അയച്ചു നൽകിയതായി കാണുന്നു. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാകാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി

അപ്പീൽ അപേക്ഷയിന്മേൽ മൂന്നാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് 22.06.2021 ന് ഓഫീസിൽ ഹാജരാകുന്നതിന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ടിയാൻ ഹാജരാകാത്തതു കാരണം വീണ്ടും ടിയാന്റെ ചോദ്യങ്ങൾക്കുള്ള മറുപടി അയച്ചു നൽകുന്നുവെന്നും എന്നാൽ ടിയാന്റെ അപേക്ഷയിലെ 8,11,12 എന്നീ ചോദ്യങ്ങൾക്ക് നഗരസഭയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന റെക്കോർഡുകളടെ പരിശോധന ടി നഗരസഭയിലെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മേൽ വിവരങ്ങളടങ്ങിയ റെക്കോർഡുകൾ പരിശോധിച്ച് ആവശ്യമായ നോട്ടുകളോ പകർപ്പുകളോ എടുക്കുന്നതിന് സെക്ഷൻ 7(9) പ്രകാരം 28.06.2021 ന് കോട്ടക്കൽ നഗരസഭാ കാര്യാലയത്തില എത്തി പരിശോധിക്കാവുന്നതാണെന്നും ആദ്യത്തെ ഒരു മണിക്കൂർ സൗജന്യമായും തുടർന്നുവരുന്ന ഓരോ അരമണിക്കൂറിനും ആയതിന്റെ അംശത്തിനും 10 രൂപ ഫീസ് അടവാക്കേണ്ടതാണെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 11.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നഗരസഭയിലെ രേഖകൾ പരിശോധിച്ചതിൽ 2009 മാർച്ച് മാസം മുതൽ 2009 ആഗസ്റ്റ് മാസം വരെയും 2009 ഒക്ടോബർ മുതൽ 2011 മെയ് മാസം വരെയും 2012 ആഗസ്റ്റ് മാസം മുതൽ 2013 ജനുവരി മാസം വരെയും ഉള്ള കാലയളവുകളിൽ ടിയാന്റെ പ്രതിമാസ ശമ്പളത്തിൽ നിന്നും ജി.ഐ.എസ്. ഇനത്തിൽ 200 രൂപ വീതവും എസ്.എൽ.ഐ ഇനത്തിൽ 150 രൂപ വീതവും റിക്കവറി നടത്തിയിട്ടുള്ളതായി ബോധ്യപ്പെടുന്നുവെന്നും നഗരസഭയിലെ മുഴുവൻ ജീവനക്കാരുടെയും ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന ജി.ഐ.എസ്., എസ്.എൽ.ഐ. തുകകൾ ജില്ലാ ട്രഷറിയിൽ ആണ് അടവാക്കുന്നതെന്നും ആയതിന്റെ ചെലാൻ രജിസ്റ്ററിൽ സൂക്ഷിച്ചു വരുന്നുണ്ടെന്നും എന്നാൽ നഗരസഭയിലെ രജിസ്റ്ററിൽ ടിയാന് നൽകേണ്ടതായ 2009 മാർച്ച് മുതൽ 2011 മെയ് വരെയുള്ള കാലയളവിലെ തുക അടവാക്കിയതിന്റെ ചലാൻ പതിപ്പിച്ചിട്ടുള്ളതായോ ചലാൻ നമ്പർ തീയതി എന്നിവ എഴുതി രേഖപ്പെടുത്തിയതായോ കാണുന്നില്ല എന്നും 2009 ജൂൺ മുതൽ എല്ലാ മാസത്തെ ചലാനുകളും കൃതമായി രജിസ്റ്ററിൽ നിന്നും ലഭ്യമാണെന്നും ടി സാഹചര്യത്തിലാണ് ടിയാന് 2012 ആഗസ്റ്റ് മാസം മുതൽ 2013 ജനുവരി മാസം വരെയുള്ള വിവരങ്ങൾ മാത്രം നൽകിയിട്ടുള്ളതെന്നും അപ്പീൽ അധികാരി നിർദ്ദേശിച്ച പ്രകാരം ചലാൻ കണ്ടെത്തുന്നതിന് തിരച്ചിൽ നടത്തിയെങ്കിലും ആയത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ തുക അടവാക്കിയതിന്റെ വിവരങ്ങൾ ചലാൻ സഹിതം രജിസ്റ്ററിൽ സൂക്ഷിച്ചു വരുന്നതിനു പുറമേ 2005 വർഷം മുതലുള്ള റിക്കവറി വിവരങ്ങൾ സ്ഥാപന സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാണെന്നും എന്നാൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന ചലാൻ നമ്പരും തീയതിയും നൽകാൻ സാധിക്കാത്ത സാഹചര്യത്തിലാണ് അപ്പീൽ അപേക്ഷ തീർപ്പാക്കിയിരുന്നതെന്നും എന്നാൽ ടിയാന്റെ ജി.ഐ.എസ്., എസ്.എൽ.ഐ.

RIGHT TO INFORMATION

റിക്കവറി നടത്തിയ തുകയുടെ സ്ഥാപന സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരം നൽകാൻ കഴിയുന്നതാണെന്ന് റിപ്പോർട്ട് ചെയ്തു കൊള്ളുന്നുവെന്നും കൂടാതെ തുക അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ ഇൻഷുറൻസ് ഓഫീസർക്ക് 07.09.2021 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 25 ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതും നഗരസഭയിൽ ലഭ്യമായ വിവരങ്ങൾ വിവരാവകാശ ഓഫീസറുടെ മറുപടിയിലും ഒന്നാം അപ്പീൽ അധികാരിയുടെ മറുപടിയിലും നൽകിയിട്ടുള്ളതാണ് എന്നും ടിയാൻ ആവശ്യപ്പെട്ട 8,11,12 ചോദ്യങ്ങൾക്ക് ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചിട്ടില്ല എന്നതിൽ ടിയാൻ ആവശ്യപെപട്ട പ്രകാരമുള്ള വിവരങ്ങൾ നഗരസഭയിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല എന്നും ബന്ധപ്പെട്ട ഫയലുകളും രേഖകളും നഗരസഭ ജനറൽ വിഭാഗത്തിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ പരിശോധിക്കാൻ അറിയിച്ചിരുന്നുവെന്നും ചോദ്യം നം. 6 സംബന്ധിച്ച് നഗരസഭയിൽ പരിശോധിച്ചതിൽ ലഭ്യമായ ഉത്തരവ് തുക ഒടുക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്നും ചോദ്യം നം. 3 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങളിൽ ക്രമ നം. (1) അബ്ദുൾ ഹക്ക് കെ.പി. (3) മുഹമ്മദ് എം. എന്നിവർ ഡേറ്റ എൻട്രി തസ്തികയിലെ താൽക്കാലിക അടിസ്ഥാനത്തിൽ കോട്ടക്കൽ പഞ്ചായത്ത് കാലയളവ് മുതൽ ജോലി ചെയ്തു വരുന്നതും ക്രമ നം. 4 അബ്ദുൾസമദ് ഇ.കെ. എന്നവർ ഡ്രൈവർ തസ്തികയില താത്ക്കാലിക അടിസ്ഥാനത്തിൽ കോട്ടക്കൽ പഞ്ചായത്ത് കാലയളവ് മുതൽ ജോലി ചെയ്തു വരുന്നതുമാണെന്നും ക്രമ നം.7 ശ്രീ. ഷബാബ് എന്നവർ ഡ്രൈവർ തസ്തികയിൽ താത്ക്കാലി അടിസ്ഥാനത്തിൽ നഗരസഭ കൗൺസിലിന്റെ 04.08.2020 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 05.08.2020 മുതൽ ജോയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെങ്കിലും പൂർണ്ണമായി വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നില്ല. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷിയും മറുപടി നൽകിയെങ്കിലും ടിയാന് വിവരങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നാണ് ഹർജികക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. എന്നാൽ ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത് പഞ്ചായത്ത് മുൻസിപ്പാലിറ്റി ആയിട്ട് 11 വർഷമായി എന്നും അന്ന് നിയമിച്ച താത്ക്കാലിക ജീവനക്കാർ തുടരുന്നുവെന്നും അവരെ പഞ്ചായത്താണ് നിയമിച്ചതെന്നും ആയതിന്റെ രേഖകൾ പത്രപരസ്യം അടക്കം പഞ്ചായത്താണ് നടത്തിയിരുന്നതെന്നും മുനിസിപ്പാലിറ്റി കമ്മറ്റി തീരുമാന പ്രകാരം ആയത് തുടർന്നു വരുന്നുമെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴി

അംഗീകരിക്കത്തക്കതാണ്. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട 8,11,12 എന്നിവക്ക് മറുപടി നൽകേണ്ടതാണ്. കൂടാതെ ക്രമനമ്പർ 3,4,6,7 എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണെന്നും കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp

RIGHT TO INFORMATION